ഇടുക്കി	6
തൃശ്ശൂർ	9
പാലക്കാട്	7
മലപ്പുറം	6
കോഴിക്കോട്	12
വയനാട്	4

ഇവ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

പടിഞ്ഞാറത്തറ-കുറ്റിയാംവയൽ റൂട്ടിൽ KSRTC ബസ് സർവ്വീസ്

327 (3149) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും, പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൽപ്പറ്റ നിയോജക മണ്ഡലത്തിലെ പടിഞ്ഞാറത്തറ-കുറ്റിയാം വയൽ റൂട്ടിൽ KSRTC ബസ് സർവ്വീസ് ആരംഭിക്കുന്നതു സംബന്ധിച്ച് ജ്യോതിസ് ബാലജനസഖ്യം സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പടിഞ്ഞാറത്തറ-കുറ്റിയാം വയൽ റൂട്ടിലൂടെ KSRTC ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ;

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പടിഞ്ഞാറത്തറ-കുറ്റിയാംവയൽ റൂട്ടിൽ പുതിയ സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ട്. എന്നാൽ മതിയായ യാത്രക്കാരെ ലഭ്യമാകാതെ ലാഭകരമായി സർവ്വീസ് നടത്തുവാൻ കഴിയില്ലായെന്നാണ് അന്വേഷണത്തിൽനിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത്.

(സി) ലാഭകരമായി സർവ്വീസ് നടത്തുവാൻ കഴിയാത്തതിനാൽ ടി റൂട്ടിൽ സർവ്വീസ് ആരംഭിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly